**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4248** **18-07-2022 - ൽ മറുപടിയ്ക്ക്**

**കൂടുതൽ അസിസ്റ്റന്റ് ജിയോളജിസ്റ്റ് തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ അസിസ്റ്റന്റ് ജിയോളജിസ്റ്റ് തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; അവസാനമായി പ്രസ്തുത തസ്തിക സൃഷിച്ചത് എപ്പോഴാണ്; അതിന് ശേഷം കൂടുതൽ ആവശ്യങ്ങൾക്ക് വകുപ്പിൽ നിന്ന് സർട്ടിഫിക്കറ്റുകൾ നൽകേണ്ടിവരുന്ന സാഹചര്യമുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് കൂടുതൽ തസ്തിക സൃഷ്ടിക്കേണ്ടതുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കാമോ? | (എ) | 1997 ൽ വകുപ്പിൽ പുതുതായി 6 ജില്ലാ ഓഫീസുകൾ അനുവദിച്ചപ്പോൾ ഓരോ ആഫീസിലും 2 വീതം ആകെ 12 അസിസ്റ്റന്റ് ജിയോളജിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചിരുന്നു. 2015 ലെ KMMC ചട്ടങ്ങൾ നിഷ്കർഷിച്ചിരുന്ന രീതിയിൽ വകുപ്പിൽ നിന്ന് സർട്ടിഫിക്കറ്റുകൾ നൽകേണ്ടി വരുന്ന സാഹചര്യമുണ്ട്. വകുപ്പിലെ ജോലി ഭാരത്തിന് അനുസൃതമായി കൂടുതൽ അസിസ്റ്റന്റ് ജിയോളജിസ്റ്റുമാരുടെ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ